# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2160 — 07-07-2015-ൽ മറുപടിക്ക്

### യുവസംരംഭകർക്കുള്ള ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| (എ) | വ്യവസായ മേഖലയിൽ നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ധനസഹായം നൽകുന്നതിനുമായി 2014-2015 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി ആരംഭിക്കുകയുണ്ടായോ ; | (എ) & (ബി) | 2014-2015 ബഡ്ബറ്റിൽ പ്രഖ്യാപിച്ച യുവ സംരംഭകർക്ക് സഹായം നൽകുന്നതിനുള്ള Seed fund to Youth എന്ന പദ്ധതിയുടെ കരട് സർക്കാർ പരിശോധിച്ചു വരുന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്നു വ്യക്തമാക്കുമോ ; | | |
| (സി) | പ്രസ്തുത പദ്ധതിക്കായി 2014-2015 ൽ എത്ര തുക നീക്കിവയ്ക്കുകയുണ്ടായിയെന്നും ഇതുവരെ എത്ര തുക ചെലവഴിക്കുകയുണ്ടായിയെന്നും അറിയിക്കുമോ ; | (സി) | ഈ പദ്ധതിയ്ക്കായി 500 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. പദ്ധതിയിൻമേൽ അന്തിമ തീരുമാനമെടുത്തിട്ടില്ലാത്തതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (ഡി) | ആകെ എത്ര യുവസംരംഭകർക്ക് ധനസഹായം നൽകുകയുണ്ടായിയെന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ; | (ഡി) & (ഇ) | ബാധകമല്ല. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച ഉത്തരവുകൾ ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ